"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 100 ദിന കർമ്മ പരിപാടി - ലൈഫ് ഭവന പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിച്ച 10000 വീടുകളുടെ ഗൃഹപ്രവേശനം/ പൂർത്തീകരണ പ്രഖ്യാപന ചടങ്ങ് സംഘടിപ്പിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1751/2021/ത.സ്വ.ഭ.വ — തീയതി,തിരുവനന്തപുരം, 14/09/2021

---

പരാമർശം:- ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27.08.2021 ലെ എൽ.എം.5/ലൈഫ്/2021 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ലൈഫ് ഭവന പദ്ധതിയിലൂടെ നിർമ്മാണം പൂർത്തീകരിക്കുന്ന 10,000 വീടുകളുടെ ഗൃഹപ്രവേശനം/ പൂർത്തീകരണ പ്രഖ്യാപന ചടങ്ങ് 12.09.2021-ന് ബന്ധപ്പെട്ട തദ്ദേശസ്ഥാപനതലത്തിൽ (ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ) സംഘടിപ്പിക്കുകയാണെന്നും, ടി പരിപാടി ഓൺലൈനായി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ തദ്ദേശസ്ഥാപനതലത്തിൽ ഏർപ്പെടുത്തുന്നതിനുള്ള ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്തുകൾ പരമാവധി 10000/- രൂപയും, മുനിസിപ്പാലിറ്റികൾ പരമാവധി 15000/- രൂപയും, കോർപ്പറേഷനുകൾ പരമാവധി 25000/- രൂപയും തനത് ഫണ്ടിൽ നിന്നും ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ലൈഫ് ഭവന പദ്ധതിയിലൂടെ നിർമ്മാണം പൂർത്തീകരിക്കുന്ന 10,000 വീടുകളുടെ ഗൃഹപ്രവേശനം/ പൂർത്തീകരണ പ്രഖ്യാപന ചടങ്ങ് 18.09.2021 ന് നടത്താൻ നിശ്ചയിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പരിപാടി ഓൺലൈനായി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ തദ്ദേശസ്ഥാപനതലത്തിൽ ഏർപ്പെടുത്തുന്നതിനുള്ള ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്തുകൾ പരമാവധി 10000/- രൂപയും, മുനിസിപ്പാലിറ്റികൾ പരമാവധി 15000/- രൂപയും, കോർപ്പറേഷനുകൾ പരമാവധി 25000/- രൂപയും തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുനിത ഐ
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം,
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്